ഇവർക്കെല്ലാം കോൺട്രാക്ട് ലേബർ അബോളിഷൻ ആക്ടിലും റൂളിലും പറയുന്ന തരത്തിലുള്ള നിയമാനുസൃതമായ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

59 (455) ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ

പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. വി. ബാലറാം :
ശ്രീമതി രാധാരാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ സഹായം ലഭിക്കുന്ന എത്ര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പണി ഇപ്പോൾ നടന്നുവരുന്നു;

(ബി) ഇവയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയും;

(സി) ഈ വർഷം കൂടുതൽ ഹെക്ടർ കൃഷിഭൂമിയെ ലിഫ്റ്റ് ഇറിഗേഷന്റെ പരിധിയിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നബാർഡിന്റെ സഹായം ലഭിക്കുന്ന 22 ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പണി ഇപ്പോൾ നടന്നുവരുന്നു.

(ബി) ഈ വർഷം സെപ്റ്റംബർ മാസത്തോടുകൂടി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഉണ്ട്. നടപ്പു സാമ്പത്തികവർഷത്തിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വകയിരുത്തിയിട്ടുള്ള തുകയുടെ അടിസ്ഥാനത്തിൽ 1750 ഹെക്ടർ സ്ഥലത്തുകൂടി ജലസേചനം നടത്തുവാൻ ഉദ്ദേശിക്കുന്നു.

60 (456) അരൂർ നിയോജകമണ്ഡലത്തിലെ ശുദ്ധജലക്ഷാമം

ശ്രീമതി കെ.ആർ. ഗൗരിയമ്മ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ നിയോജകമണ്ഡലത്തിലെ രൂക്ഷമായ ശുദ്ധജലക്ഷാമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അരൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏഴുപുന്ന, ഓടംതുരുത്ത്, കുത്തിയതോട്, പട്ടണക്കാട്, കടക്കരപ്പള്ളി, വയലാർ എന്നീ പഞ്ചായത്തുകളിൽ കുഴൽക്കിണർ സ്രോതസ്സായുള്ള ശുദ്ധജല വിതരണപദ്ധതികൾ നിലവിലുണ്ട്. എന്നാൽ അരൂർ പഞ്ചായത്തിൽ ഫിൽറ്റർ പോയിന്റ് വെൽ ആണ് ഉള്ളത്. ശുദ്ധജല ദൗർലഭ്യം ഏറ്റവും കൂടുതൽ അനുഭവപ്പെ

LIBRARY ARCHIVES Kerala Legislative Assembly